<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 25</u> <u>01-02-2023 - ൽ മറുപടിയ്ക്ക്</u>

<u>കെ-ഫോൺ പദ്ധതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ്,<br>ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീ കെ ആൻസലൻ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്താകെ അതിവേഗ ഇന്റർനെറ്റ് ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച കെ-ഫോൺ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകാമോ; | (എ) | കെ-ഫോൺ പദ്ധതി പുരോഗമിക്കുന്നതിന്റെ ഭാഗമായി നിലവിൽ;<br><br>1) ആകെ 7556 കിലോമീറ്റർ ബാക്ക്ബോൺ സ്ഥാപിക്കാനുള്ളതിൽ 6510 കിലോമീറ്റർ പൂർത്തിയായിട്ടുണ്ട്.<br>2) 22802 കി.മീ. എ.ഡി.എസ്.എസ് (All-Dielectric Self Supporting Cable), ഒ.എഫ്.സി, ആക്സസ് കേബിൾ എന്നിവ സ്ഥാപിക്കാനുള്ളതിൽ 18615 കി.മീ. പൂർത്തീകരിച്ചിട്ടുണ്ട്.<br>3) 375 പോയിന്റ് ഓഫ് പ്രെസെൻസുകളിൽ 337 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്.<br>4) കെ-ഫോണിന് ഇൻഫ്രാസ്ട്രക്ച്ചർ പ്രൊവൈഡർ (ഐ.പി. 1), ഇന്റർനെറ്റ് സർവീസ് പ്രൊവൈഡർ (ഐ.എസ്.പി.-ബി) ലൈസൻസ് എന്നിവ ലഭ്യമായിട്ടുണ്ട്.<br>5) നെറ്റ്‌വർക്ക് ഓപ്പറേറ്റിംഗ് സെന്ററിലെ ഐറ്റി / നോൺ ഐറ്റി സംബന്ധമായ പണികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br>6) 26,057 ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.<br>7) 11,832 ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് ലഭ്യത ഉറപ്പ് വരുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയനുസരിച്ച് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് സൗജന്യ നിരക്കിൽ ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുമോ; ഇതിനായുള്ള പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | പ്രാഥമിക ഘട്ടത്തിൽ, ഓരോ നിയമസഭാ മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള, 100 കുടുംബങ്ങൾക്കുവീതം 140 മണ്ഡലങ്ങളിലുള്ള ആകെ 14,000 (പതിനാലായിരം) കുടുംബങ്ങൾക്ക് സൗജന്യമായി കെ-ഫോൺ കണക്ഷൻ ലഭ്യമാക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| | | | പ്രസ്തുത ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡവും മുൻഗണനാക്രമവും നിശ്ചയിച്ചിട്ടുണ്ട്. സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ഗുണഭോക്താക്കളുടെ പട്ടിക ലഭിക്കുന്ന മുറയ്ക്കാണ് കണക്ഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നത്. ഇതുവരെ 7020 ഗുണഭോക്താക്കളുടെ പട്ടികയാണ് ലഭ്യമായിട്ടുള്ളത്. പ്രസ്തുത കണക്ഷൻ നൽകുവാൻ ഈ സാമ്പത്തിക വർഷം 70 (എഴുപത്) ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയിലൂടെ സർക്കാർ ഓഫീസുകൾക്ക് കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയും; വിശദാംശം ലഭ്യമാക്കാമോ? | (സി) | കെ-ഫോൺ പദ്ധതിയിലൂടെ സർക്കാർ ഓഫീസുകൾക്ക് കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. 26,057 ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ കണക്ഷൻ നൽകുന്നതിനുവേണ്ടിയുള്ള അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ, 11,832 ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് ലഭ്യത ഉറപ്പ് വരുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ 2023 മാർച്ച് 31-നകം പൂർത്തിയാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. |

സെക്ഷൻ ഓഫീസർ